2026
APRIL
07
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പരസ്യ പ്രചാരണം ഇന്ന് തീരും, കൊട്ടിക്കലാശം വൈകിട്ട് 6 വരെ മാത്രം

**കൊച്ചി:** തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ സമാപനമായ കൊട്ടിക്കലാശത്തിന്റെ സമയപരിധി ഇന്ന് വൈകിട്ട് 6 വരെയായിരിക്കും. അതിനു ശേഷം ഒരു വിധത്തിലുമുള്ള പരസ്യ പ്രചാരണം ജില്ലയിൽ അനുവദിക്കാൻ പാടില്ലെന്ന് ജില്ലാ ഇലക്ഷൻ ഓഫീസറായ ജില്ലാ കളക്ടർ ജി പ്രിയങ്ക ബന്ധപ്പെട്ടവർക്കു നിർദേശം നൽകി.

ഏപ്രിൽ 9 ന് വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുൻപ് പരസ്യപ്രചാരണം അവസാനിപ്പിക്കണം. സാധാരണയായി വോട്ടെടുപ്പ് വൈകുന്നേരം 6 മണിക്ക് അവസാനിക്കുമെങ്കിൽ അതിന് രണ്ട് ദിവസം മുൻപ് വൈകുന്നേരം 6 മണിക്ക് കൊട്ടിക്കലാശം അവസാനിപ്പിക്കേണ്ടതുണ്ട്.

തുടർന്ന് 48 മണിക്കൂർ നിശബ്ദ പ്രചാരണത്തിന്റേതാണ്. ഈ സമയത്ത് പ്രകടനങ്ങളോ മൈക്ക് കെട്ടിയുള്ള പ്രചാരണങ്ങളോ പാടില്ല. നിശ്ചയിച്ച സമയം കഴിഞ്ഞാൽ ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല. വാഹന പ്രചാരണങ്ങളും അവസാനിപ്പിക്കണം.മണ്ഡലത്തിലെ വോട്ടർമാരല്ലാത്ത രാഷ്ട്രീയ പ്രവർത്തകർ കൊട്ടിക്കലാശം കഴിഞ്ഞാലുടൻ മണ്ഡലം വിട്ടു പോകേണ്ടതാണ്. കൊട്ടിക്കലാശത്തോടനുബന്ധിച്ച് വിവിധ പാർട്ടികൾ ഒരേ സ്ഥലത്ത് കേന്ദ്രീകരിക്കുന്നത് സംഘർഷത്തിന് കാരണമാകാതിരിക്കാൻ പോലീസ് നിർദ്ദേശിക്കുന്ന റൂട്ടുകളും സമയവും പാലിക്കണം.

സോഷ്യൽ മീഡിയ വഴിയോ ടിവി ചാനലുകൾ വഴിയോ വോട്ടർമാരെ സ്വാധീനിക്കുന്ന തരത്തിലുള്ള പരസ്യങ്ങളോ പ്രചാരണങ്ങളോ ഈ 48 മണിക്കൂർ സമയത്ത് പാടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

വോട്ടെടുപ്പ് അവസാനിക്കുന്ന സമയം വരെയുള്ള 48 മണിക്കൂർ മദ്യ നിരോധനം ആയിരിക്കും.

# മാലിന്യത്തിൽ നിന്ന് ഭരണഘടനാ ആമുഖവും ഇലക്ഷൻ കമ്മീഷൻ ലോഗോയും നിർമ്മിച്ച് ജില്ലാ ഭരണകൂടം

**കൊച്ചി:** 2026-ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശേഖരിക്കപ്പെട്ട പേപ്പർ മാലിന്യങ്ങളെ പുനരുപയോഗിച്ച് ഇന്ത്യൻ ഭരണഘടനയുടെ ആമുഖവും ഇലക്ഷൻ കമ്മീഷൻ ലോഗോയും നിർമ്മിച്ചിരിക്കുകയാണ് ജില്ലാ ഭരണകൂടം. സെന്റ് തെരേസാസ് കോളേജും, ജില്ലാ ശുചിത്വ മിഷനും നവകേരളകർമ്മ പദ്ധതിയും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ച കടലാസ്, കുളവാഴ, ടെയ്‌ലറിംഗ് വേസ്റ്റ് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചാണ് ഇവ നിർമ്മിച്ചത്.

യുവതലമുറയിൽ പരിസ്ഥിതി ബോധവും പൗരബോധവും വളർത്തുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു.



*പേപ്പർ മാലിന്യങ്ങളെ പുനരുപയോഗിച്ച് ഇന്ത്യൻ ഭരണഘടനയുടെ ആമുഖവും ഇലക്ഷൻ കമ്മീഷൻ ലോഗോയും സെന്റ് തെരേസാസ് കോളേജിന്റെ മാനേജർ സിസ്റ്റർ നീലിമ സി.എസ്.എസ് ടി ജില്ലാ കളക്ടർ ജി പ്രിയങ്കയ്ക്ക് കൈമാറുന്നു.*

# എൽപിജി, ഇന്ധന വിതരണം സുഗമമെന്ന് എച്ച്പിസിഎൽ; അനധികൃത വ്യാപാരത്തിനെതിരെ കർശന നടപടി

**കൊച്ചി:** രാജ്യത്ത് പെട്രോളിന്റെയും ഗാർഹിക ഉപഭോക്താക്കൾക്കുൾപ്പെടെയുള്ള എൽപിജി ഗ്യാസിന്റെയും വിതരണം സുഗമമായി നടക്കുന്നതായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ) അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ സാഹചര്യത്തിൽ രാജ്യത്ത് ഇന്ധനക്ഷാമം രൂക്ഷമാണെന്ന പ്രചാരണത്തെത്തുടർന്നാണ് കമ്പനിയുടെ വിശദീകരണം. കുപ്രചരണങ്ങൾക്കും അനധികൃത വ്യാപാരങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമെന്നും എച്ച്പിസിഎൽ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു.

പശ്ചിമേഷ്യയിലെ സംഘർഷത്തിനുശേഷം ഇതിനോടകം രാജ്യത്ത് 3.8 കോടി ലിറ്റർ പെട്രോളിന്റെയും 6.9 കോടി ലിറ്റർ ഡീസലിന്റെയും വ്യാപാരമാണ് നടത്തിയത്. 9951 ടാങ്കറുകളിലാണ് രാജ്യത്തുടനീളമുള്ള പമ്പുകളിലേക്ക് ഇന്ധനമെത്തിച്ചത്. ഏപ്രിൽ 4ന് മാത്രം വ്യപാരസ്ഥാപനങ്ങളിലേക്കും ഗാർഹിക ഉപഭോക്താക്കൾക്കുമായി ആകെ 14.40 ലക്ഷം എൽപിജി സിലിണ്ടറുകൾ വിതരണം ചെയ്തു. സംഘർഷ സാഹചര്യം കണക്കിലെടുത്തു ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽപിജി വിതരണം കാര്യക്ഷമമാക്കിയതായും എച്ച്പിസിഎൽ അറിയിച്ചു.

വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനായി പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരുകളുടെയും എണ്ണ വിതരണ കമ്പനികളുടെയും സഹകരണത്തോടെ രാജ്യവ്യാപകമായി നടത്തിയ 4028 പരിശോധനകളിൽ ക്രമക്കേട് കണ്ടെത്തിയ 53 വിതരണക്കാർക്കെതിരെ നടപടിയെടുത്തു.

20 ഏജൻസികളുടെ വിതരണാവകാശം സസ്പെൻഡ് ചെയ്തു. അനധികൃതമായി വിതരണത്തിന് എത്തിച്ച 3163 സിലിണ്ടറുകൾ കണ്ടുകെട്ടി.

പാചകവാതക ക്ഷാമമില്ലെന്നും ഉപഭോക്താക്കൾ വ്യാജപ്രചാരണങ്ങളിൽ വഞ്ചിതരാകരുതെന്നും കമ്പനി അറിയിച്ചു. കമ്പനിയുടെ അംഗീകൃത വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, ടോൾ ഫ്രീ നമ്പർ (18002333555) എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് സിലിണ്ടറുകൾ ബുക്ക് ചെയ്യാം.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്

■ **പാലാരിവട്ടം രാജരാജേശ്വരി ക്ഷേത്രം :** ശുദ്ധികലശവും പ്രതിഷ്ഠദിനവും- രാത്രി 7.30 മുതൽ കൊച്ചിൻ അമൃതവർഷിണി അവതരിപ്പിക്കുന്ന ഭക്തിഗാന മഞ്ചരി.

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** സൗരോർജവും ഊർജ ഉപയോഗത്തിലെ ശുഭപ്രതീക്ഷകളും വിഷയത്തിൽ ജോർജ് തോമസിന്റെ ആഴ്ചവട്ടം പ്രഭാഷണം വൈകിട്ട് 5.30ന്.

■ **അമൃത കൊച്ചി ക്യാമ്പസ് :** അമൃത ഇന്റർനാഷണൽ സ്കൂൾ ഓഫ് ലോയുടെ നേതൃത്വത്തിൽ ഫോകസ്ഡ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിക്കുന്നു. രാവിലെ 11ന് വൈദ്യശാസ്ത്രത്തിലെ പിഴവുകളും സുസ്ഥിര ആരോഗ്യസംരക്ഷണവും എന്ന വിഷയത്തിൽ ചർച്ച ചെയ്യും.

### പെരുമ്പാവൂർ

■ **ശ്രീധർമ്മശാസ്താ ക്ഷേത്രം** : തിരുവുത്സവം- രാത്രി 8.15 ന് തൃക്കൊടിയേറ്റ് തുടർന്ന് കൊടിയേറ്റ് സദ്യ.

## വോട്ടിങ് ബോധവൽക്കരണം: മത്സ്യത്തൊഴിലാളികളുമായി സംവദിച്ച് ജില്ലാ കളക്ടർ

**കൊച്ചി:** സ്വീപ് (സിസ്റ്റമാറ്റിക് വോട്ടർ എഡ്യൂക്കേഷൻ ആൻഡ് ഇലക്ട്രോറൽ പാർട്ടിസിപ്പേഷൻ) ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ജില്ലാ കളക്ടർ ജി. പ്രിയങ്ക , സ്വീപ് നോഡൽ ഓഫീസറും അസിസ്റ്റന്റ് കളക്ടറുമായ പാർവതി ഗോപകുമാർ എന്നിവർ കാളമുക്ക് ഫിഷിങ് ഹാർബർ സന്ദർശിച്ചു. ഇരുവരും മത്സ്യത്തൊഴിലാളികളുമായി സംവദിച്ചു.



തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ജില്ലാ കളക്ടർ ജി. പ്രിയങ്ക , അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ എന്നിവർ കാളമുക്ക് ഫിഷിങ് ഹാർബറിൽ മത്സ്യത്തൊഴിലാളികളുമായി സംവദിക്കുന്നു.

ജില്ലയിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ എല്ലാം പൂർത്തിയായികൊണ്ടിരിക്കുകയാണ്. വോട്ടിങ് കേന്ദ്രങ്ങളുടെ കമ്മീഷനിങ്, പോളിങ് ഓഫീസർമാർക്കുള്ള പരിശീലനം, പോളിങ് ബൂത്തുകളിലെ ഒരുക്കങ്ങൾ എല്ലാം അവസാന ഘട്ടത്തിലാണ്. സാക്ഷരതയും ഡിജിറ്റൽ സാക്ഷരതയും 100% കൈവരിച്ചതുപോലെ ഭരണഘടന നൽകുന്ന ഏറ്റവും വലിയ അവകാശമായ വോട്ടിങിലും 100% കൈവരിക്കാൻ നമുക്ക് സാധിക്കണം. അതിനായി ഏപ്രിൽ 9ന് എല്ലാവരും പോളിംഗ് ബൂത്തുകളിൽ എത്തി സമ്മതിദാന അവകാശം നിയോഗിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിന് മൂന്നുനാൾ മാത്രം ബാക്കി നിൽക്കെ വോട്ടിങ് ബോധവൽക്കരണം ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനം നടത്തിയത്.

## വാർഡ്രോബിൽ ഐഡിൽ, പോളിങ് ബൂത്തിൽ വൈറൽ: ഹരിത മൊബൈൽ കീപ്പിങ് പൗച്ചുകൾ സജ്ജം

**കൊച്ചി:** തിരഞ്ഞെടുപ്പ് പ്രക്രിയയെ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദപരമാക്കുന്നതിനായി ഉപയോഗശൂന്യമായ വസ്ത്രങ്ങൾ പുനരുപയോഗപ്പെടുത്തി 'ഹരിത മൊബൈൽ ഫോൺ കീപ്പിങ് പൗച്ചുകൾ' നിർമ്മിച്ച് ജില്ലാ ഭരണകൂടം. ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

"വാർഡ്രോബിൽ ഐഡിൽ, പോളിങ് ബൂത്തിൽ വൈറൽ" എന്ന ടാഗ്‌ലൈനോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്ലോത്ത് കളക്ഷൻ ഡ്രൈവിലൂടെ ശേഖരിച്ച കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിച്ചാണ് പൗച്ചുകൾ നിർമ്മിച്ചത്.

ജില്ലയിലെ 3148 പോളിംഗ് ബൂത്തുകളിലേക്കായി ഏകദേശം 3,200 മൊബൈൽ പൗച്ചുകൾ തയ്യാറാക്കിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെയാണ് നിർമ്മാണം പൂർത്തിയാക്കിയത്.

വോട്ടിന്റെ രഹസ്യസ്വഭാവം സംരക്ഷിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായും പോളിങ് ബൂത്തിനകത്ത് മൊബൈൽ ഫോൺ പ്രവേശിപ്പിക്കുന്നത് പൂർണ്ണമായും നിരോധിച്ചതിനാലാണ് മൊബൈൽ കീപ്പിങ് പൗച്ചുകൾ ആവശ്യമായി വന്നത്. ബൂത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത് പൗച്ചിൽ നിക്ഷേപിച്ച് വളിയർമാരിൽ നിന്ന് ടോക്കൺ സ്വീകരിക്കണം. വോട്ട് രേഖപ്പെടുത്തി പുറത്തിറങ്ങുമ്പോൾ ടോക്കൺ തിരികെ നൽകി ഫോണുകൾ കൈപ്പറ്റാം.




ഉപയോഗശൂന്യമായ കോട്ടൻ തുണികൾ കൊണ്ട് നിർമ്മിച്ച ഹരിത മൊബൈൽ ഫോൺ കീപ്പിങ് പൗച്ചുകൾ ജില്ലാ കളക്ടർ ജി പ്രിയങ്ക പ്രകാശനം ചെയ്യുന്നു. ശുചിത്വമിഷൻ ജില്ലാ കോ ഓഡിനേറ്റർ ശീതൾ എസ് മോഹൻ, ഹരിത കേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ് രഞ്ജിനി എന്നിവർ സമീപം.

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ളവർക്ക് തപാൽ വോട്ട് ഉറപ്പാക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്ലിയറിംഗ് സെന്ററുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും തപാൽ വോട്ട് രേഖപ്പെടുത്തുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാൻ പുതിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

തപാൽ ബാലറ്റുകളുടെ നീക്കം സുരക്ഷിതവും വേഗത്തിലുമാക്കാൻ ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. തപാൽ ബാലറ്റുകളുടെ കൈമാറ്റത്തിനായി സംസ്ഥാന-മേഖലാ-ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിയറിംഗ് സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കും. ബാലറ്റുകളുടെയും ഫോമുകളുടെയും കൈമാറ്റം കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കാൻ പ്രതിദിനം മൂന്ന് ഷിഫ്റ്റുകളിലായി ഇവ ശേഖരിക്കും. റിട്ടേണിംഗ് ഓഫീസർമാർ ഈ സമയക്രമം പാലിച്ചു വേണം മെറ്റീരിയലുകൾ ഏറ്റുവാങ്ങേണ്ടത്.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ളവർക്കായി ഇന്ന് വിതരണ കേന്ദ്രങ്ങളിൽ കൂടുതൽ ടീമുകളെ വിന്യസിച്ച് വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ (VFC) പ്രവർത്തിക്കും. വോട്ടർമാരെ സഹായിക്കുന്നതിനായി വി.എഫ്.സി.കളിൽ പ്രത്യേക ഹെൽപ്പ് ഡെസ്കുകളും ദിശാസൂചന ബോർഡുകളും സ്ഥാപിക്കും.

വോട്ട് രേഖപ്പെടുത്താൻ എത്തുന്ന ഉദ്യോഗസ്ഥർ മൊബൈൽ ഫോണുകൾ സെന്ററിന് പുറത്ത് നിശ്ചയിച്ചിട്ടുള്ള കൗണ്ടറുകളിൽ ഏൽപ്പിക്കേണ്ടതാണ്. ഫോം 12 സമർപ്പിച്ചിട്ടുള്ള അർഹരായ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിശ്ചിത കേന്ദ്രങ്ങളിൽ വോട്ട് രേഖപ്പെടുത്താം. ഇവർക്കുള്ള ബാലറ്റ് പേപ്പറുകൾ കൃത്യസമയത്ത് ലഭ്യമാക്കാൻ ജില്ലാ പോലീസ് മേധാവിമാരുമായി ഏകോപനം നടത്താൻ കളക്ടർ നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് ജോലിക്കായി നിയോഗിക്കപ്പെട്ടവർക്ക് തങ്ങളുടെ വോട്ടവകാശം തടസ്സമില്ലാതെ വിനിയോഗിക്കാൻ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അധികൃതർ അറിയിച്ചു. മാർഗനിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്.

# വാഹനാപകടത്തിൽ പരിക്കേറ്റ് റോഡിൽ കിടന്ന വ്യക്തിക്ക് രക്ഷകനായി ബാബു ദിവാകരൻ

**കുന്നത്തുനാട്:** വാഹനാപകടത്തിൽ പരിക്കേറ്റ് റോഡിൽ കിടന്ന വ്യക്തിക്ക് രക്ഷകനായി കുന്നത്തുനാട് ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരൻ. ഇന്നലെ രാവിലെ മഴുവന്നൂർ തട്ടാംമുകളിലായിരുന്നു സംഭവം. വോട്ടുതേടിയുള്ള പര്യടനത്തിനിടയിടയിൽ ബാബു ദിവാകരൻ ഇന്നലെ രാവിലെ തട്ടാമുകളിലെത്തിയപ്പോഴാണ് അപകടം കാണുന്നത്. ഉടൻ തന്നെ ബാബു ദിവാകരൻ പര്യടനം നിർത്തി വാഹനത്തിൽ നിന്നും താഴെയിറങ്ങി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. പരിക്കേറ്റ വ്യക്തിയെ ആംബുലൻസിൽ കയറ്റി ആശുപത്രിയിലേക്ക് വിട്ടതിനു ശേഷമാണ് ബാബു ദിവാകരൻ വീണ്ടും പര്യടനം തുടങ്ങിയത്. പര്യടനം നിർത്തിവെച്ച് രക്ഷാപ്രവർത്തനം നടത്തിയ ബാബു ദിവാകരന്റെ പ്രവർത്തി മാതൃകാപരമാണെന്നാണ് നാട്ടുകാർ പറയുന്നത്.



*മഴുവന്നൂർ തട്ടാമുകളിൽ വാഹനാപകടത്തിൽ പരിക്കേറ്റ് റോഡിൽ കിടന്ന വ്യക്തിയെ കുന്നത്തുനാട് ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരന്റെ നേതൃത്വത്തിൽ ആശുപത്രിയിൽ എത്തിക്കാൻ ആബുലൻസിൽ കയറ്റുന്നു.*

# തിരഞ്ഞെടുപ്പ് പരിശീലനം: വിട്ടുനിന്നവർക്കെതിരെ കർശന നടപടി

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലന ക്ലാസുകളിൽ പങ്കെടുക്കാത്തവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. പരിശീലന ക്ലാസുകളിൽ നിന്നും വിട്ടുനിന്ന ഉദ്യോഗസ്ഥർ, തങ്ങൾ ഹാജരാകാത്തതിന്റെ കൃത്യമായ കാരണം വ്യക്തമാക്കുന്ന വിശദീകരണം അതത് വരണാധികാരികൾ മുൻപാകെ അടിയന്തരമായി സമർപ്പിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

# തൃപ്പൂണിത്തുറയിൽ ആവേശം ഇരട്ടിയാക്കി ദീപക് ജോയി



**തൃപ്പൂണിത്തുറ:** സ്ഥാനാർഥി പര്യടനത്തിന്റെ അവസാന ദിവസമായിരുന്ന ഇന്നലെ തൃപ്പൂണിത്തുറ നഗരത്തിലാണ് യുഡിഎഫ് സ്ഥാനാർഥി ദീപക് ജോയ് പ്രചാരണം നടത്തിയത്. രാവിലെ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് ദീപക് ജോയ് പ്രചാരണം ആരംഭിച്ചത്.

തുടർന്ന് മെട്രോ സ്റ്റേഷനിലെത്തിയ ദീപക് യാത്രക്കാരോട് പിന്തുണ അഭ്യർഥിച്ചു. തുടർന്ന് മെട്രോ യാത്ര നടത്തി. ചക്കംകുളങ്ങര ശ്രീരാമ ക്ഷേത്രത്തിലെത്തി ദർശനം നടത്തി. വിജയകുമാർ മേനോൻ ഹോസ്പിറ്റൽ, ആർ സി എം, വർമ്മ, ദേവി ആശുപത്രികളിലെത്തി പിന്തുണ അഭ്യർഥിച്ചു. നഗരത്തിലെ വിവിധ ഹൗസിംഗ് കോളനികൾ, കർത്തേടം ഭാഗത്തെ വീടുകൾ എന്നിവിടങ്ങളിൽ സന്ദർശിച്ച് സഹായം അഭ്യർഥിച്ചു. വില്ലേജ് ഓഫിസ്, പോസ്റ്റ് ഓഫിസ്, നഗരസഭ ഓഫിസ്, വൈദ്യുതിഭവൻ, മിനി സിവിൽസ്റ്റേഷൻ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളും സന്ദർശിച്ച് വോട്ടുറപ്പിച്ചു.

സ്ഥാനാർഥി പര്യടനത്തിന്റെ അവസാനദിവസമായിരുന്ന ഇന്നലെ തൃപ്പൂണിത്തുറ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി. വൈകിട്ട് നടന്ന റോഡ് ഷോയിൽ മുൻ ഇന്ത്യൻ അംബാസഡർ വേണു രാജാമണി, ഹൈബി ഈഡൻ എംപി എന്നിവർ പങ്ക് ചേർന്നതോടെ പ്രവർത്തകരുടെ ആവേശം ഇരട്ടിയായി. നൂറുകണക്കിന് പ്രവർത്തകർ ഇരുചക്ര വാഹനങ്ങളിൽ റോഡ് ഷോയ്ക്ക് അകമ്പടിയേകി. സൗത്ത് പറവൂർ താശ്ശേരി ക്ഷേത്രത്തിലെ അന്നദാനത്തിലും സ്ഥാനാർഥി പങ്കെടുത്തു. എരൂർ ഭാഗത്തെ സ്ഥാപനങ്ങൾ സന്ദർശിച്ചും വോട്ടുറപ്പിച്ചു. പരസ്യ പ്രചാരണത്തിന്റെ അവസാന ലാപ്പിലും ജനഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ച് ദീപക് ജോയ് മുന്നേറുകയാണ്. ഇന്ന് വൈകിട്ട് 4.30 നു യുഡിഎഫ് സ്ഥാനാർഥിയുടെ കൊട്ടിക്കലാശം സ്റ്റാച്യു ജംഗ്ഷനിൽ നടക്കും.

# കളമശ്ശേരിയുടെ വിളവെടുപ്പിൽ പങ്കെടുത്തും വികസനപദ്ധതികൾ വിലയിരുത്തിയും പി. രാജീവ്



**കളമശേരി:** 'കൃഷിക്കൊപ്പം കളമശേരി'യുടെ ഭാഗമായ വാഴ, കരിമ്പ് കൃഷിയിടങ്ങളിലെ വിളവെടുപ്പുൽസവത്തിൽ പങ്കെടുത്തും കൊച്ചിൻ കാൻസർ സെന്ററിലും മെഡിക്കൽ കോളജിലും സന്ദർശനം നടത്തിയും വിവിധ വികസന പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചും പി. രാജീവിന്റെ പര്യടനം. ആലങ്ങാടിന്റെ കാർഷിക പെരുമ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ പി. രാജീവ് എം.എൽ എയുടെ നേതൃത്വത്തിൽ നടപ്പാക്കിയ 'കൃഷിക്കൊപ്പം കളമശേരി' പദ്ധതിയുടെ ഭാഗമായി ആലങ്ങാട് പുതിയ റോഡ് നടന്ന വിഷുക്കാല വിളവെടുപ്പുൽസവത്തിലും പി രാജീവ് പങ്കെടുത്തു. ഇവിടെ മുനീറും കുടുംബവുമാണ് സ്വയംസഹായ സംഘത്തിന്റെ സഹായത്തോടെ വാഴകൃഷി നടത്തിയത്. ആലങ്ങാട് സഹകരണ ബാങ്കും കർഷകർക്കൊപ്പം നിന്നപ്പോൾ വാഴക്കൃഷി വിജയമായി. വാഴക്കുല വെട്ടി പി.രാജീവ് വിളവെടുപ്പുൽസവത്തിൽ പങ്കാളിയായപ്പോൾ കാർഷികഗീതങ്ങൾ പാടി കർഷകർ സന്തോഷമറിയിച്ചു. രവി എന്ന കർഷകന്റെ കരിമ്പുകൃഷി വിളവെടുപ്പും പി. രാജീവ് നിർവഹിച്ചു. മുൻകാലങ്ങളിൽ ഏറെ പ്രശസ്തമായിരുന്ന ആലങ്ങാടൻ ശർക്കരയുടെ പെരുമ വീണ്ടെടുക്കുകയാണ് ലക്ഷ്യമെന്ന് പി. രാജീവ് പറഞ്ഞു. ഭൗമസൂചികയിൽ ആലങ്ങാടൻ കരിമ്പിന് ഇടം ലഭിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് കൊച്ചി കാൻസർ സെന്ററിലും മെഡിക്കൽ കോളജിലെ പുതിയ സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിലും രാജീവ് സന്ദർശനം നടത്തി. രോഗികളെയും കൂട്ടിരിപ്പുകാരെയും ജീവനക്കാരെയും ഡോക്ടർമാരെയും സന്ദർശിച്ച അദ്ദേഹം വിവരങ്ങൾ ചോദിച്ചറിഞ്ഞു. മഞ്ഞുമ്മൽ അമലോൽഭവമാത ആശ്രമദേവാലയത്തിൽ ഫാ. ജസ്റ്റിൻ പനയ്ക്കലിന്റെ സംസ്കാര ചടങ്ങുകളിലും പി. രാജീവ് പങ്കെടുത്തു. കളമശേരി നഗരസഭ പ്രദേശത്തെ പൊട്ടച്ചാൽ തോടിന്റെ നവീകരണ പ്രവൃത്തികൾ നടക്കുന്നയിടവും സ്ഥാനാർഥി സന്ദർശിച്ചു. വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായാണ് പദ്ധതി നടപ്പാക്കുന്നത്. മൂലേപ്പാടം പ്രദേശത്തെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമെന്ന നിലയിൽ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തി. ടിവിഎസ് ജംഗ്ഷനിൽ കൾവെർട്ട് സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കടുങ്ങല്ലൂർ കുണ്ടിച്ചിറ ശ്രീ വിശ്വമാത ഭഗവതി ക്ഷേത്രം, കൈപ്പടമുകൾ മാർത്തോമഭവൻ സെമിനാരി എന്നിവയും സ്ഥാനാർഥി സന്ദർശിച്ചു. കിഴക്കേ കടുങ്ങല്ലൂരിൽ പ്രൊഫ. സി. ശാന്തകുമാരിയുടെ വസതിയും പി.രാജീവ് സന്ദർശിച്ചു. ആലുവ സെന്റ് സേവ്യേഴ്സ് കോളജിലെ മലയാള വിഭാഗം മേധാവിയായിരുന്ന പ്രൊഫ. ശാന്തകുമാരിയുമായി ദീർഘനാളത്തെ ബന്ധമാണുള്ളതെന്ന് അദ്ദേഹം പറഞ്ഞു. മികച്ച വായനക്കാരനെന്ന നിലയിലും സാഹിത്യ തൽപരനെന്ന നിലയിലും പി.രാജീവ് ശിഷ്യനാണെന്ന് പറഞ്ഞ പ്രൊഫസർ അദ്ദേഹത്തിന് വിജയാശംസകൾ നേർന്നു. പിന്നീട് കൊച്ചിൻ യൂണിവേഴ്സിറ്റി കോളണിയിലെ വീടുകൾ കയറി സ്ഥാനാർഥി വോട്ടഭ്യർഥിച്ചു.

# സിവിൽ സർവീസ് പരീക്ഷാ പരിശീലനം

**തിരുവനന്തപുരം:** തിരുവനന്തപുരത്തുള്ള കിലെ ഐ.എ.എസ്. അക്കാഡമിയിൽ നടത്തുന്ന 2026 ലെ സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിനുള്ള സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 19ന് നടത്തും. www.kile.kerala.gov.in/kileiasacademy സന്ദർശിച്ച് സൗജന്യമായി രജിസ്റ്റർ ചെയ്യാം.

കൂടുതൽവിവരങ്ങൾക്ക്: 0471-2479966, 8075768537, kileiasacademy@gmail.com.

# ആദ്യ അന്താരാഷ്ട്ര സീസൺ വിജയകരമായി പൂർത്തിയാക്കി ടിവിഎസ് എആർഇ ജിപി




**കൊച്ചി:** ടിവിഎസ് അപ്പാച്ചെ റേസിംഗ് എക്സ്പീരിയൻസ് (എആർഇ) ജിപി ഇന്റർനാഷണൽ 2025-26ന്റെ ആദ്യ അന്താരാഷ്ട്ര സീസൺ വിജയകരമായി പൂർത്തിയാക്കി ടിവിഎസ് റേസിങ്. നാല് പതിറ്റാണ്ടിലധികം നീളുന്ന റേസിങ് മികവിന്റെ കരുത്തിലായിരുന്നു ഉപഭോക്താക്കൾക്ക് മുൻഗണന നൽകുന്ന പ്രീമിയം റേസിങ് പ്ലാറ്റ്ഫോമായി രൂപപ്പെടുത്തിയ ടിവിഎസ് എആർഇ ജിപിയുടെ പ്രഥമ അന്താരാഷ്ട്ര സീസണിന്റെ പൂർത്തീകരണം.

റേസിങ് അഭിനിവേശമുള്ള ടിവിഎസ് അപ്പാച്ചെ ഉടമകൾക്ക് സുരക്ഷിതവും പ്രൊഫഷണലുമായ ഒരു അന്തരീക്ഷത്തിൽ റേസിങ് അനുഭവിക്കാൻ അവസരമൊരുക്കുന്നതിലൂടെ മോട്ടോർസ്പോർട്സിനെ എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടിവിഎസ് എആർഇ ജിപി രൂപകൽപന ചെയ്തത്. 2007-ൽ ആരംഭിച്ചത് മുതൽ 4,000-ത്തിലധികം ഉപഭോക്താക്കളെ ഇതിനോടകം ഈ പ്ലാറ്റ്ഫോമിൽ പങ്കാളികളാക്കി. അപ്പാച്ചെ ബ്രാൻഡിന്റെ റേസിംഗ് ഡിഎൻഎ അൺലീഷ്ഡ് എന്ന ആശയത്തെയാണ് ടിവിഎസ് എആർഇ ജിപി ഉൾക്കൊള്ളുന്നത്. ഇന്ത്യ, മെക്സിക്കോ, കൊളംബിയ, നേപ്പാൾ എന്നീ രാജ്യങ്ങളിലെ 20-ലധികം നഗരങ്ങളിലായാണ് 2025 ജൂൺ മുതൽ 2026 മാർച്ച് വരെ നീണ്ടുനിന്ന ടിവിഎസ് എആർഇ ജിപിയുടെ ആദ്യ അന്താരാഷ്ട്ര സീസൺ സംഘടിപ്പിച്ചത്. 1100-ലധികം പേർ ഇതിൽ പങ്കെടുത്തു. ചെന്നൈയിലെ പ്രശസ്തമായ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന ഗ്രാൻഡ് ഫിനാലെയോടെയാണ് പ്രഥമ സീസൺ സമാപിച്ചത്. 500-ലധികം റേസിംഗ് പ്രേമികളുടെയും ഉപഭോക്താക്കളുടെയും സാനിധ്യത്തിൽ നടന്ന ചടങ്ങിൽ, 60 ഫൈനലിസ്റ്റുകളാണ് 45 മീഡിയ റൈഡർമാർക്കൊപ്പം മത്സരരംഗത്തുണ്ടായിരുന്നത്. ടിവിഎസ് അപ്പാച്ചെ ആർടിആർ 160സിസി / ആർടിആർ 180സിസി, ടിവിഎസ് അപ്പാച്ചെ 200സിസി, ടിവിഎസ് അപ്പാച്ചെ 310സിസി എന്നീ വിഭാഗങ്ങളിലായിട്ടായിരുന്നു മത്സരം. വ്യാപകമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് മാധ്യമപ്രവർത്തകർക്കായുള്ള പ്രത്യേക കാറ്റഗറികളിൽ ആദ്യമായി വനിതാ വിഭാഗം, പുരുഷന്മാരുടെ വിഭാഗം, വിദഗ്ധ വിഭാഗം എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. നിയന്ത്രിതവും പ്രൊഫഷണലുമായ ഒരു അന്തരീക്ഷത്തിൽ അടിസ്ഥാന ട്രാക്ക് പരിശീലനം മുതൽ മത്സരപരമായ റേസിംഗ് വൈദഗ്ധ്യം വരെ ഘട്ടംഘട്ടമായി വികസിപ്പിക്കാൻ ഈ തട്ടുകളായുള്ള ഘടന റൈഡർമാരെ പ്രാപ്തരാക്കി.

ചാമ്പ്യൻഷിപ്പിൽ മികച്ച പ്രകടനം നടത്തിയ ആദ്യമൂന്ന് സ്ഥാനക്കാർക്ക് സവിശേഷമായ സമ്മാനങ്ങളാണ് ലഭിച്ചത്. വിജയിക്ക് മോട്ടോ ജിപി (ഏഷ്യ) കാണാൻ എല്ലാ ചിലവുകളും ഉൾപ്പെട്ട യാത്ര, ടിവിഎസ് ഒഎംസി (ആർആർ 310) യുടെ 2 റൗണ്ടുകളിലേക്ക് വൈൽഡ് കാർഡ് എൻട്രി, പെട്രോണാസ് ടിവിഎസ് റേസിംഗ് ഔദ്യോഗിക മെർച്ചൻഡൈസ് (അംഗീകൃത ഉൽപ്പന്നങ്ങൾ), എല്ലാ ചെലവുകളും ഉൾപ്പെട്ട ടിവിഎസ് റേസിംഗ് ഫാക്ടറി സന്ദർശനം, 2 മാർക്വി റൈഡുകൾ, ഒരു ചാപ്റ്റർ റൈഡ്, ടിവിഎസ് മോട്ടോസോൾ എന്നിവയിലേക്കുള്ള പ്രവേശനം എന്നിങ്ങനെ സമ്മാനമായി ലഭിച്ചു.

# റെഡ്മി നോട്ട് 15 സ്പെഷ്യൽ എഡിഷൻ അവതരിപ്പിച്ച് ഷവോമി




**കൊച്ചി:** ഷവോമി ഇന്ത്യ പുതിയ സ്മാർട്ട് ഫോണായ റെഡ്മി നോട്ട് 15 സ്പെഷ്യൽ എഡിഷൻ ഇന്ത്യയിൽ അവതരിപ്പിച്ചു. പ്രീമിയം ഡിസൈൻ, ശക്തമായ ബാറ്ററി, മികച്ച ഡിസ്പ്ലേയും എഐ അടിസ്ഥാനത്തിലുള്ള സവിശേഷതകളും ഉൾക്കൊള്ളുന്ന ഈ ഫോൺ വിനോദം, ആശയവിനിമയം, നിത്യ ഉപയോഗം എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്തതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.
പരിഷ്കൃതവും അൾട്രാസ്ലിം ഡിസൈനിലുള്ളതുമായ ഇമ്മേഴ്സീവ് ഡിസ്പ്ലേ. റെഡ്മി നോട്ട് 15 സ്പെഷ്യൽ എഡിഷനിൽ 6.77 ഇഞ്ച് കർവ്ഡ് അമോലെഡ് ഡിസ്പ്ലേയാണ് നൽകിയിരിക്കുന്നത്. എഫ്എച്ച്ഡി+ റെസല്യൂഷനും 120ഹെർട്സ് വരെ റിഫ്രെഷ് റേറ്റും ഉള്ളതിനാൽ ബ്രൗസിംഗ്, വീഡിയോ സ്ട്രീമിംഗ്, ഗെയിമിംഗ് എന്നിവയിൽ സ്മൂത്ത് അനുഭവം നൽകുന്നു.

ഡിസ്പ്ലേയ്ക്ക് 3200 നിറ്റ്സ് വരെ പീക്ക് ബ്രൈറ്റ്നസ് ലഭ്യമാകുന്നതിനാൽ പുറത്തെ വെളിച്ചത്തിലും വ്യക്തമായ ദൃശ്യാനുഭവം ഉറപ്പാക്കുന്നു. കൂടാതെ ട്രിപ്പിൾ ടിയുവി സർട്ടിഫിക്കേഷൻ ലഭിച്ചതിനാൽ നീ സമയത്തെ ഉപയോഗത്തിലും കണ്ണിന് കൂടുതൽ സൗകര്യം നൽകും. ഫോണിന്റെ 3ഡി കർവ്ഡ് ഡിസൈൻ കാരണം ഇത് കൂടുതൽ പ്രീമിയം ഫീൽ നൽകുന്നു. കനം: ഏകദേശം 7.35 എംഎം, ഭാരം: 178 ഗ്രാം.ഫോൺ മൂന്ന് നിറങ്ങളിൽ ലഭ്യമാണ്. ക്രിംസൺ റിസർവ്, കാർബൺ ബ്ലാക്ക്, ഫ്രോസ്റ്റഡ് വൈറ്റ്. ഈ സ്മാർട്ട്ഫോൺ ക്വാൽക്കം സ്നാപ്ഡ്രാഗൺ 6 ജെൻ 3 പ്രോസസറിലാണ് പ്രവർത്തിക്കുന്നത്. 4എൻഎം പ്രോസസിൽ നിർമ്മിച്ചിരിക്കുന്ന ഈ ചിപ്സെറ്റ് മൾട്ടി ടാസ്കിംഗ്, ഗെയിമിംഗ്, ഉള്ളടക്ക ഉപഭോഗം തുടങ്ങിയവയ്ക്ക് കാര്യക്ഷമമായ പ്രകടനം നൽകും. ഫോണിൽ 50എംപി എഐ ഡ്യുവൽ റിയർ ക്യാമറ സിസ്റ്റവും 20എംപി ഫ്രണ്ട് ക്യാമറയും നൽകിയിട്ടുണ്ട്. ചിത്രങ്ങൾ കൂടുതൽ മനോഹരമാക്കാൻ വിവിധ എഐ ടൂളുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രധാന എഐ ഫീച്ചറുകളായ എഐ ഇറേസ്, എഐ സ്കൈ, എഐ ബോക്കെ, എഐ ബ്യൂട്ടിഫൈ, എഐ റിഫൽക്ഷൻ റിമൂവൽ തുടങ്ങിയവ ഉപയോഗിച്ച് ചിത്രങ്ങൾ എളുപ്പത്തിൽ എഡിറ്റ് ചെയ്യാനും മെച്ചപ്പെടുത്താനും കഴിയുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

റെഡ്മി നോട്ട് 15 സ്പെഷ്യൽ എഡിഷനിൽ 5800 എംഎഎച്ച് ബാറ്ററിയാണ് നൽകിയിരിക്കുന്നത്. ഇത് ഒരു ദിവസത്തിലധികം ഉപയോഗത്തിന് അനുയോജ്യമാണ്. കൂടാതെ 45വാട്ട് ടർബോ ചാർജിംഗ് പിന്തുണയുണ്ട്. മൾട്ടിമീഡിയ അനുഭവം മെച്ചപ്പെടുത്താൻ ഡ്യുവൽ സ്പീക്കറുകൾ, ഡോൾബി അറ്റ്മോസ് പിന്തുണ, എഐ അടിസ്ഥാനത്തിലുള്ള ആക്റ്റീവ് നോയിസ് കാൻസലേഷൻ തുടങ്ങിയ ഫീച്ചറുകളുണ്ട്. കൂടാതെ 5ജി നെറ്റ്വർക്ക് പിന്തുണയും ഡ്യുവൽ ബാൻഡ് വൈ-ഫൈയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോണിൽ ഗൂഗിൾ ജെമിനി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കിൾ ടു സെർച്ച് പോലുള്ള സവിശേഷതകൾ ഉപയോഗിച്ച് വിവരങ്ങൾ വേഗത്തിൽ കണ്ടെത്താൻ സാധിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# യുവ വനിതാ പ്രതിഭകൾക്ക് അംഗീകാരം




**കൊച്ചി :** സ്വിഗിയുടെ 'വുമൺ ലീഡേഴ്സ് ഓഫ് ടുമോറോ' പദ്ധതിയിൽ മൃദുല വിജയകുമാറെ ഉൾപ്പെടുത്തി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വിദ്യാർത്ഥിനിയായ മൃദുല, രാജ്യത്തുടനീളം തിരഞ്ഞെടുത്ത 13 യുവ വനിതാ നേട്ടക്കാരിൽ ഒരാളാണ്. 21-ആം വയസ്സിൽ ആർട്ടെമിസ് എക്സ് സ്ഥാപിച്ച അവർ, എഐ അടിസ്ഥാനമാക്കിയുള്ള ആർട്ടെമിസ് കമ്മ്യൂണിക്കേഷൻ ഗ്രൗണ്ട് സിസ്റ്റം പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇൻറർനാഷണൽ ആസ്ട്രോനോട്ടിക്കൽ ഫെഡറേഷനിൽ ഗവേഷണം അവതരിപ്പിച്ചിട്ടുള്ള മൃദുല, രാജ്യത്തെ യുവ സംരംഭകരിൽ ശ്രദ്ധേയയാണ്. ഇന്റർനാഷണൽ വിമൻസ് ഡേയെ അനുബന്ധിച്ച് ആരംഭിച്ച ഈ പദ്ധതിക്ക് 800-ലധികം അപേക്ഷകളാണ് ലഭിച്ചത്.

# സീസണൽ ഗോർമേ മെനു അവതരിപ്പിച്ച് കഫേ അകാസ



**കൊച്ചി :** അകാസ എയറിന്റെ ഓൺബോർഡ് മീൽ സർവീസായ കഫേ അകാസ, പരിമിതകാലത്തേക്ക് ലഭ്യമാകുന്ന സീസണൽ സ്പെഷ്യൽ മീലിന്റെ രണ്ടാം പതിപ്പ് അവതരിപ്പിച്ചു. യാത്രക്കാരുടെ വിമാനയാത്രയെ കൂടുതൽ രുചികരവും സ്മരണീയവുമായ അനുഭവമാക്കുന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മോക്ക്ഡ് ചിക്കൻ ആൻഡ് ഡിൽ റൂളാഡ് പിസ്ഥാഷിയോയും ക്രാൻബെറിയും ചേർത്ത്, ബാല്സാമിക് വെജ്ജി സലാഡ്, ബെറി കൂലിസോടെ ലെമൺ പന്നക്കോട്ട, ഇഷ്ടാനുസൃത പാനീയം എന്നിവയാണ് മെനുവിലെ പ്രധാന വിഭവങ്ങൾ.

2026 ഏപ്രിൽ 1 മുതൽ 30 വരെ ഈ സ്പെഷ്യൽ മീൽ ലഭ്യമാണ്. അകാസ എയർ വെബ്സൈറ്റ് അല്ലെങ്കിൽ മൊബൈൽ ആപ്പ് വഴി മുൻകൂട്ടി ബുക്ക് ചെയ്യാം. വൈവിധ്യമാർന്ന രുചികൾ ഉൾക്കൊള്ളുന്ന ഈ ശ്രമം ഇൻ-ഫ്ലൈറ്റ് ഡൈനിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിൽ കമ്പനിയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

# ഭീം പേയ്മെന്റ്സ് ആപ്പ് 'മഹി വേ' ക്യാംപെയ്ൻ ആരംഭിച്ചു




**തിരുവനന്തപുരം:** എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) വികസിപ്പിച്ചെടുത്ത തദ്ദേശീയ ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോമായ ഭീം പേയ്മെന്റ്സ് ആപ്പ് 'മഹി വേ' എന്ന പേരിൽ ക്യാംപെയ്ൻ ആരംഭിച്ചതായി അറിയിച്ചു. ഡിജിറ്റൽ പേയ്മെന്റുകൾ നടത്തുന്നതിനുള്ള ലളിതവും സുരക്ഷിതവുമായ മാർഗം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാണ് മുൻ ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റനും ബ്രാൻഡ് അംബാസഡറുമായ മഹേന്ദ്ര സിംഗ് ധോണിയുടെ പേരിലുള്ള ക്യാംപെയ്ൻ ആരംഭിച്ചത്.ഉപയോക്താക്കൾക്ക് തൽക്ഷണം പേയ്മെന്റുകൾ പൂർത്തിയാക്കാൻ പ്രാപ്തമാക്കുന്ന വ്യക്തവും വിശ്വസ്തവുമായ ഒരു തിരഞ്ഞെടുപ്പായി ഭീമിനെ ഉയർത്തിക്കാട്ടാനാണ് ക്യാംപെയ്ൻ ലക്ഷ്യമിടുന്നത്. 360-ഡിഗ്രി ക്യാംപെയ്നിൽ മഹേന്ദ്ര സിംഗ് ധോണിയുടെ ശാന്തവും ആശ്രയിക്കാവുന്നതുമായ വ്യക്തിത്വം ഭീം പേയ്മെന്റ്സ് ആപ്പിന്റെ ആശയങ്ങളുമായി യോജിക്കുന്നതാണെന്ന് എൻബിഎസ്എൽ അറിയിച്ചു. 'ഭീം ആപ്പ് സേ കരോ പേ, ഇറ്റ് ഈസ് ദി മഹി വേ' എന്ന ആശയത്തിൽ നിന്ന് രൂപംകൊണ്ട ക്യാംപെയ്ൻ ഉപയോക്താക്കൾക്ക് ഡിജിറ്റൽ പണമിടപാടുകൾ കൂടുതൽ ലളിതമാക്കാനാണ് ലക്ഷ്യമിടുന്നത്.

ഉപയോക്താക്കൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഒരു പ്ലാറ്റ്ഫോമിൽ, ആശയക്കുഴപ്പമോ കാലതാമസമോ ഇല്ലാതെ പേയ്മെന്റുകൾ നടത്താനാകുന്ന സവിശേഷതയെ മഹി വേ പ്രതിഫലിപ്പിക്കുന്നതായി എൻബിഎസ്എൽ എംഡിയും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു, ടിൽറ്റ് ബ്രാൻഡ് സൊല്യൂഷൻസിന്റെ ആശയത്തിൽ രൂപംകൊണ്ട ക്യാംപെയ്ൻ ടെലിവിഷൻ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സിനിമ, ഔട്ട്ഡോർ മീഡിയ എന്നിവയിലുടനീളം പ്രക്ഷേപണം ചെയ്യും.

# സൺറൈസേഴ്സ് ഹൈദരാബാദുമായി ഇക്കോലിങ്ക് പങ്കാളിത്തം




**കൊച്ചി :** സിഗ്നിഫൈയുടെ ഇലക്ട്രിക്കൽ ബ്രാൻഡായ ഇക്കോലിങ്ക്, വരാനിരിക്കുന്ന ടി20 സീസണിനായി സൺറൈസേഴ്സ് ഹൈദരാബാദ് ടീമിന്റെ ഔദ്യോഗിക പങ്കാളിയായി. ഈ സഹകരണം രാജ്യത്തുടനീളം ബ്രാൻഡിന്റെ ദൃശ്യത വർധിപ്പിക്കുകയും ആരാധകരുമായി കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതാണ് ലക്ഷ്യം. മൈതാനങ്ങളിലെ പ്രവർത്തനങ്ങൾ, ഹെൽമെറ്റ് അടക്കമുള്ള ഉപകരണങ്ങളിലെ ബ്രാൻഡ് പ്രദർശനം, സംയോജിത പ്രചാരണങ്ങൾ എന്നിവയിലൂടെ സാന്നിധ്യം ശക്തമാക്കും. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ജനപ്രീതി പ്രയോജനപ്പെടുത്തി ലക്ഷക്കണക്കിന് ആരാധകരിലെത്താൻ ഈ പങ്കാളിത്തം സഹായിക്കും. ഉപഭോക്താക്കളുമായി കൂടുതൽ ബന്ധം സ്ഥാപിച്ച് വിശ്വസനീയമായ ബ്രാൻഡായി ഇക്കോലിങ്കിന്റെ നിലപാട് ശക്തിപ്പെടുത്തുമെന്ന് കമ്പനി അറിയിച്ചു.

# റീജ്യണൽ സ്പോർട്സ് സെന്റർ സമ്മർ കോച്ചിംഗ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു




**കൊച്ചി:** സ്കൂളിലോ അക്കാദമിയിലോ എവിടെ ആയാലും ആരോഗ്യത്തോടെ തുടരാൻ ശാരീരിക പരിശീലനങ്ങളും കായിക വിനോദങ്ങളും നിർബന്ധമാണെന്ന് ഇന്ത്യൻ അന്താരാഷ്ട്ര ബാസ്ക്കറ്റ് ബാൾ മുൻ നായകനും പരിശീലകനുമായ സി.വി സണ്ണി പറഞ്ഞു. റീജ്യണൽ സ്പോർട്സ് സെന്റർ സമ്മർ കോച്ചിംഗ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്യാമ്പിൽ മാത്രം നിർത്താതെ, ദിവസവും കളിക്കുന്നത് തുടരണമെന്നും സ്കൂളിലേക്ക് മടങ്ങുമ്പോൾ അവിടെയും നിരവധി അവസരങ്ങൾ ലഭിക്കുമ്പോൾ കളിച്ച് എപ്പോഴും ആരോഗ്യമുള്ളവരായി തുടരണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ലോകത്തിലെ മികച്ച സൗകര്യങ്ങളിൽ ഒന്നാണ് റീജ്യണൽ സ്പോർട്സ് സെന്ററിൽ ലഭിക്കുന്നതെന്നും ഒരു സ്ഥലത്തു തന്നെ ജിംനേഷ്യം, സ്വിമ്മിംഗ് പൂൾ, ഇൻഡോർ സൗകര്യങ്ങൾ, ട്രാക്ക് എന്നിവയൊക്കെ ലഭിക്കുന്നവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കൂടുതൽ കഴിവുകൾ നേടുകയും വേനലവധിക്കാലത്ത് ജീവിതം സ്പോർട്സിലൂടെ ആസ്വദിക്കുകയും ചെയ്യണമെന്ന് എറണാകുളം ജില്ലാ കളക്ടറും റീജ്യണൽ സ്പോർട്സ് സെന്റർ ചെയർപേഴ്സണുമായ ജി പ്രിയങ്ക അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നല്ല ആരോഗ്യമുള്ളവരാവുകയും നല്ല ഭക്ഷണം കഴിക്കുകയും നന്നായി ഉറങ്ങുകയും വേണമെന്നും അവർ കുട്ടികളെ ഉപദേശിച്ചു. കുട്ടികളുടെ താത്പര്യങ്ങൾ മനസ്സിലാക്കി അതിനനുസരിച്ച് അവരെ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുകയെന്നത് വളരെ പ്രധാനമാണെന്നും കളക്ടർ പറഞ്ഞു. റീജ്യണൽ സ്പോർട്സ് സെന്റർ ഹോണററി സെക്രട്ടറി അഡ്വ. എസ് എ എസ് നവാസ്, വൈസ് പ്രസിഡന്റ് ഡോ. സുനിൽ കെ മത്തായി, മുൻ സെക്രട്ടറി മനോഹർ പ്രഭു എന്നിവർ പ്രസംഗിച്ചു. മെയ് 31 വരെ തുടരുന്ന സമ്മർ കോച്ചിംഗ് ക്യാമ്പിൽ പ്രമുഖ പരിശീലകരുടെ നേതൃത്വത്തിൽ 27 ഇനങ്ങളിൽ കായിക ഇനങ്ങളിൽ പരിശീലനവും 11 അനുബന്ധ പ്രവർത്തനങ്ങളും നടക്കും. യുവ പ്രതിഭകളെ കണ്ടെത്തി വളർത്തുകയും കായിക രംഗത്ത് മികവ് കൈവരിക്കാൻ പ്രചോദനമാവുകയും ചെയ്യുകയാണ് ക്യാമ്പിന്റെ ലക്ഷ്യം.

ക്യാമ്പിന്റെ പ്രധാന ആകർഷണമായി ബാഡ്മിന്റൺ, ടെന്നീസ്, ടേബിൾ ടെന്നീസ്, നീന്തൽ എന്നീ ഇനങ്ങളിൽ നിന്ന് ഓരോ വിഭാഗത്തിലും മൂന്ന് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളും ഉൾപ്പെടെ 24 പ്രതിഭകളെ 'പ്രതിഭ സ്കീം- ചാമ്പ്യന്മാരെ സൃഷ്ടിക്കാൻ' എന്ന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കും. മൂന്ന് വർഷത്തിന് മൂന്ന് കോടി ചെലവിൽ നടപ്പാക്കുന്ന പദ്ധതി പൂർണമായും സൗജന്യമായ ഉയർന്ന നിലവാരത്തിലുള്ള പരിശീലനമാണ് നൽകുന്നത്. ദേശീയ- അന്താരാഷ്ട്ര തലത്തിൽ മികവ് തെളിയിക്കുന്ന കായിക താരങ്ങളെ വളർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

# ഗൗരവമുള്ള രാഷ്ട്രീയ പ്രക്രിയ തെരഞ്ഞെടുപ്പിൽ കാണുന്നില്ല – ഡോ. സെബാസ്റ്റ്യൻ പോൾ

**കൊച്ചി:** മാനിഫെസ്റ്റോ അടിസ്ഥാനമാക്കി പാർട്ടികളും സ്ഥാനാർഥികളും വോട്ട് തേടുന്ന അനുഭവം സംസ്ഥാനത്തെ ഒരു തെരഞ്ഞെടുപ്പിലും പ്രകടമല്ലെന്ന് മുൻ എം പി സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പിന് വളരെ മുൻപ് തന്നെ ശ്രദ്ധേയമായി മാനിഫെസ്റ്റോ പ്രഖ്യാപിക്കുകയും തെരഞ്ഞെടുപ്പിനെ നേരിടുകയും ചെയ്തത് 1989 ൽ വി പി സിംഗിന്റെ നേതൃത്വത്തിൽ ദേശീയ മുന്നണി മാത്രമാണ്. തെരഞ്ഞെടുപ്പിന് മൂന്ന് ദിവസം മുൻപ് മാത്രമാണ് മുന്നണികൾ പ്രകടനപത്രിക പ്രസിദ്ധീകരിച്ചതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ജനങ്ങൾ പ്രകടന പത്രിക നോക്കി വോട്ട് ചെയ്തില്ലെങ്കിലും, വാഗ്ദാനങ്ങൾ പാലിക്കാൻ സർക്കാരിനെ നിർബന്ധിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. വിവിധ മുന്നണികളുടെ മാനിഫെസ്റ്റോയെക്കുറിച്ച് ഗാന്ധിയൻ സംഘടനകളും കർഷക സ്വരാജ് സത്യാഗ്രഹസമിതിയും ചേർന്ന് നടത്തിയ അവലോകനസമ്മേളനം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ എം പി മത്തായി അധ്യക്ഷത വഹിച്ചു. മദ്യശാലകൾക്ക് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകണമെന്ന് പ്രൊഫ. എം പി മത്തായി ആവശ്യപ്പെട്ടു.

സന്നദ്ധ സംഘടനകളുടെ പ്രയത്നഫലമായി ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രകടന പത്രികയിലെ വാഗ്ദാനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ തയ്യാറായിട്ടുണ്ടെന്ന് വിഷയാവതാരകനായ അഡ്വ. ജോൺ ജോസഫ് ചൂണ്ടിക്കാട്ടി. വന്യജീവി ആക്രമണത്തിൽ നിന്ന് കർഷകർക്ക് സംരക്ഷണവും നഷ്ടപരിഹാരവും ലഭ്യമാക്കാൻ മുന്നണികൾ പ്രകടനപത്രികകളിൽ നിർദ്ദേശങ്ങൾ ചേർത്തിട്ടുണ്ട്. വന്യജീവി - മനുഷ്യ സംഘർഷം അവസാനിപ്പിക്കാനും പൗരന് സംരക്ഷണം നൽകാനും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഇടപെട്ട് സമഗ്രമായ നിയമസംവിധാനം ഒരുക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. ജസ്റ്റിസ് പി എസ് ഗോപിനാഥൻ, ഫെലിക്സ് ജെ പുല്ലുടൻ, വി എം മൈക്കിൾ,ജോൺസൺ പി ജോൺ, അനിൽ ജോസ് എന്നിവർ പ്രസംഗിച്ചു. ജനങ്ങൾ ജാഗ്രത പാലിച്ചാൽ തെരഞ്ഞെടുപ്പ് സുതാര്യമാക്കാമെന്ന് സമ്മേളനം വിലയിരുത്തി. ഡോ. ബാബു ജോസഫ് സ്വാഗതവും കബീർ ഷാ നന്ദിയും പറഞ്ഞു.

# നിയമസഭാ തിരഞ്ഞെടുപ്പ്: ചൈൽഡ് ഡെവലപ്‌മെന്റ് പ്രോജക്ട് ഓഫീസർമാർക്ക് പരിശീലനം

**കൊച്ചി:** ഏപ്രിൽ ഒമ്പതിന് നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിങ് സ്റ്റേഷനുകളിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചൈൽഡ് ഡെവലപ്മെൻറ് പ്രൊജക്റ്റ് ഓഫീസർമാർക്ക് (സി.ഡി.പി.ഒ) പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു.

ബൂത്തുകളിൽ സജ്ജീകരിച്ചിരിക്കുന്ന മിനി ക്രഷ്, മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേക മുറികൾ, ഗർഭിണികൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വിശ്രമിക്കാനുള്ള ഇടങ്ങൾ, വീൽചെയർ സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് അങ്കണവാടി പ്രവർത്തകർക്കും ആശാവർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകേണ്ട നിർദ്ദേശങ്ങൾ യോഗത്തിൽ വിശദീകരിച്ചു. മാർച്ച് 28 മുതൽ മൂന്ന് ഘട്ടങ്ങളായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജെബിൻ ലോലിത സെൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ ജോൺ ജോഷി, പ്രോഗ്രാം ഓഫീസർ സി. സുധ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.



*പോളിങ് സ്റ്റേഷനുകളിൽ ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സി.ഡി.പി.ഒ മാർക്ക് നൽകിയ പരിശീലന പരിപാടിയിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ ജോൺ ജോഷി സംസാരിക്കുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജെബിൻ ലോലിത സെൻ സമീപം.*

## ഗുരു ഗോപിനാഥിന്റെ ഡോക്യുമെന്ററി ട്രെയിലർ പുറത്തിറങ്ങി

**തിരുവനന്തപുരം:** നടന ആചാര്യൻ ഗുരുഗോപിനാഥിന്റെ ജീവിതം പശ്ചാത്തലമാക്കിയ മഹാപഥം: ദ ജേർണി ഓഫ് എ ലെജൻഡ് ഡോക്യുമെന്ററിയുടെ ട്രെയിലർ ലോഞ്ച് സിനിമാതാരം അംബിക നിർവഹിച്ചു. വട്ടിയൂർക്കാവിലെ ഗുരുഗോപിനാഥ് നടന ഗ്രാമത്തിലെ 'കളിയും ചിരിയും' ക്യാമ്പിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സൂര്യകൃഷ്ണമൂർത്തി, സിനിമാതാരം ജോബി തുടങ്ങിയവർ സന്നിഹിതരായി. സബ്ന ശ്രീദേവി ശശിധരൻ സംവിധാനം ചെയ്ത ഡോക്യുമെന്ററിയുടെ എഡിറ്റിംഗ് അപ്പു എൻ ഭട്ടതിരിയും ക്യാമറ എൻ. അളഗപ്പനുമാണ് നിർവഹിച്ചത്.



*എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് പേരൂർക്കട ഫാക്ടറിയിൽ സംഘടിപ്പിച്ച 57–ാമത് പേരൂർക്കട ഫാക്ടറി ദിനാഘോഷങ്ങളുടെ ഭാഗമായി ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ഡോ. അനിത തമ്പി പതാക ഉയർത്തുന്നു. ഡയറക്ടർ (ഫിനാൻസ്) രമേഷ് പി, ഡയറക്ടർ (ടെക്നിക്കൽ ആൻഡ് ഓപ്പറേഷൻസ്) ബെന്നി ജോസഫ്, എസ്.വി.പി (ടി ആൻഡ് ഒ) വി. കുട്ടപ്പൻ പിള്ള, യൂണിറ്റ് ചീഫ് സ്മിത എൽ.ജി തുടങ്ങിയവർ സമീപം. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമാണ് എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്. 1969 ഏപ്രിൽ 5–ന് എച്ച്എൽഎല്ലിന്റെ ആദ്യ യൂണിറ്റായി പ്രവർത്തനം ആരംഭിച്ച പേരൂർക്കട ഫാക്ടറി, പ്രതിവർഷം 1246 ദശലക്ഷം കോണ്ടം ഉൽപ്പാദന ശേഷിയുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ ഫാക്ടറികളിൽ ഒന്നാണ്.*




# സ്നേഹ തണൽ ഇന്ന് ഞാറക്കലിൽ

**കൊച്ചി:** സ്നേഹതണൽ പദ്ധതി ഇന്ന് ഞാറക്കലിൽ. എറണാകുളം സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സാമൂഹ്യ ആരോഗ്യ പരിപാലന പദ്ധതിയായ 'സ്നേഹ തണൽ' പ്രവർത്തകർ ഇന്ന് ഞാറക്കൽ പ്രദേശങ്ങളിലുള്ള കിടപ്പുരോഗികളായിട്ടുള്ളവരുടെയും ക്യാൻസർ രോഗികളുടെയും വീടുകളിൽ എത്തി മരുന്നും ചികിത്സയും സൗജന്യമായി നൽകുമെന്ന് അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com